## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2809      13-03-2020 -ൽ മറുപടിക്ക്

### ഇടുക്കി അണക്കെട്ടിന് സമീപമുണ്ടായ ഭൂചലനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഇടുക്കി അണക്കെട്ടിന് സമീപം തുടർച്ചയായി ഭൂചലനം ഉണ്ടാകുന്നത് മൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങളിൽ ആശങ്ക ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | റിക്ടർ സ്കെയിലിൽ എത്ര തീവ്രതയുള്ള ഭൂചലനമാണ് 2020 ഫെബ്രുവരി മാസം ഈ മേഖലയിൽ ഉണ്ടായത്; അതിനുള്ള കാരണം എന്തെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | ബി) | ഇടുക്കി ആർച്ച് ഡാം പരിസര മേഖലകളിൽ ഫെബ്രുവരി 27 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ഉണ്ടായ ചലനങ്ങളെല്ലാം കെ.എസ്.ഇ.ബി ഡാം സേഫ്റ്റി വിഭാഗം അറിയിച്ചത് പ്രകാരം റിക്ടർ സ്കെയിലിൽ രണ്ടോ അതിൽ താഴെയോ ഉള്ള തീവ്രതയിൽ പെടുന്നതാണ്. റിക്ടർ സ്കെയിലിൽ തീവ്രത 3-ന് താഴെയുള്ള ചലനങ്ങളിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലാത്തതാണ്. ആയതിനാൽ നിലവിൽ പഠനം നടത്തിയിട്ടില്ല<br><br>ഇടുക്കി ഡാമിന്റെ പരിസര പ്രദേശങ്ങളിൽ 27/02/2020 ,28/02/2020 ,29/02/2020 തീയതികളിലുണ്ടായ ഭൂചലനങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി ഡാം സേഫ്റ്റി വിഭാഗം നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു . |

| Date | 27/02/2020 | 28/02/2020 | 29/02/2020 |
|---|---|---|---|
| Origin of Time(IST) | 10:25:49 Sec(PM) | 07:22:40 Sec(PM) | 06:46:51(AM) |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>Duration(Coda)</td><td>27.5 Sec</td><td>17 Sec</td><td>4 Sec</td></tr>
<tr><td>Magnitude</td><td>2</td><td>1.5</td><td>0.3</td></tr>
<tr><td>Location</td><td colspan="3">Lat-09° 50' 15"N Long-76° 59' 04"E</td></tr>
</table>
ഇടുക്കി ഡാം ടോപ്പ് മേഖലയിൽ പൂജ്യത്തിൽ താഴെ മാത്രം ശക്തിയുള്ള 13 ചെറിയ ഭൂചലനങ്ങൾ 28/02/2020 09:32 എ എം മുതൽ 29/ 02/ 2020 07 :50 എ എം വരെ രേഖപ്പെടുത്തിയിട്ടുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ